**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 978** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>സമാശ്വാസം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. കല്ലട്ര മാഹിൻ

ശ്രീമതി ഫാത്തിമ തഹിലിയ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സമാശ്വാസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

**<u>മറുപടി:</u>** കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന സമാശ്വാസം പദ്ധതി പ്രകാരം തുടർ ധനസഹായത്തിനായി യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ധനസഹായം അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| പദ്ധതിയുടെ പേര് | പ്രതിമാസ നിരക്ക് | ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണം | ധനസഹായം അനുവദിക്കുന്നതിന് വിനിയോഗിച്ച തുക | ധനസഹായം അനുവദിച്ച കാലയളവ് |
|---|---|---|---|---|
| സമാശ്വാസം | | | | |
| സമാശ്വാസം 1 (ഡയാലിസിസ്) | 1100/- | 504 | 34,35,300/- | 2026 സെപ്റ്റംബർ വരെ |
| സമാശ്വാസം 2 (വൃക്ക/കരൾ മാറ്റി വയ്ക്കൽ) | 1000/- | 129 | 8,15,000/ | 2026 സെപ്റ്റംബർ വരെ |
| സമാശ്വാസം 3 (ഹീമോഫീലിയ) | 1000/- | 967 | 58,14,000/- | 2026 സെപ്റ്റംബർ വരെ |
| സമാശ്വാസം 4 (സിക്കിൾസെൽ അനീമിയ) | 2000/- | 176 | 17,60,000/- | 2026 ഓഗസ്റ്റ് വരെ |
| ആകെ | | 1776 | 1,18,24,300/- | |

**(ബി)** ഏതെല്ലാം രോഗബാധിതർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>**

| **സ്കീം** | **പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കൾ** |
|---|---|
| സമാശ്വാസം - 1 (ഡയാലിസിസ്) | വൃക്കക്ക് തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിലെ രോഗികൾ. |
| സമാശ്വാസം - 2 (വൃക്ക/കരൾ മാറ്റി വയ്ക്കൽ) | വൃക്ക/കരൾ രോഗങ്ങൾ ബാധിച്ച പ്രസ്തുത അവയവങ്ങൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായിട്ടുള്ള ഒരു ലക്ഷം രൂപവരെ കുടുംബവാർഷിക വരുമാനമുള്ളവർ (ശസ്ത്രക്രിയ കഴിഞ്ഞതിനു ശേഷം പരമാവധി 5 വർഷംവരെ) |
| സമാശ്വാസം - 3 (ഹീമോഫീലിയ) | രക്തം കട്ട പിടിക്കാൻ ആവശ്യമായ ക്ലോട്ടിംഗ് ഫാക്ടറുകളായ 8, 9, 11, 13 എന്നിവയുടെ കുറവു മൂലം ഹീമോഫീലിയയും അനുബന്ധ രോഗങ്ങളും ബാധിച്ചവർ (വരുമാനപരിധി ബാധകമല്ല). |
| സമാശ്വാസം - 4 (സിക്കിൾസെൽ അനീമിയ) | സംസ്ഥാനത്തെ അരിവാൾ രോഗം ബാധിച്ച നോൺ ട്രൈബൽ വിഭാഗത്തിൽപെട്ട ബി.പി.എൽ വിഭാഗത്തിലുള്ള രോഗികൾ |

**(സി)** മുൻ സർക്കാരിന്റെ കാലത്ത് പ്രതിമാസ ധനസഹായത്തുക നൽകുന്നതിന് കുടിശ്ശിക വരുത്തിയിരുന്നോ; എങ്കിൽ എത്ര തുകയാണ് കുടിശ്ശികയുള്ളതെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** കുടിശിക വരുത്തിയിരുന്നില്ല

**സെക്ഷൻ ഓഫീസർ**